"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - ശ്രീമതി. ബിനുമോൾ കോശി, എച്ച്. എസ്സ്. എ (മലയാളം) മാർത്തോമ ഹയർ സെക്കന്ററി സ്ക്കൂൾ, പത്തനംതിട്ട, സമർപ്പിച്ച നിവേദനം തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.4636/2025/GEDN തീയതി,തിരുവനന്തപുരം, 14-07-2025

---

പരാമർശം:-

1. ശ്രീമതി. ബിനുമോൾ കോശി, എച്ച്. എസ്സ്. എ (മലയാളം) മാർത്തോമ ഹയർ സെക്കന്ററി സ്ക്കൂൾ പത്തനംതിട്ട, സമർപ്പിച്ച 6/11/2017 ലെ നിവേദനം.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18/3/2017 ലെ എ.ഡബ്ള്യൂ (എ4)/ 69252/2016/ഡിപിഐ നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27/7/2018 ലെ എ.ഡബ്ള്യൂ (എ4)/88728/2017/ഡി.പി.ഐ നമ്പർ കത്ത്.
4. പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ 10/8/2018, 3/8/2019, തിയതിയിലെ എഫ്5/9204/2013 നമ്പർ കത്തുകൾ.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 2/4/2019, 11/2/2020 തിയതിയിലെ ഡിപിഐ/2470/2019-എ4(എ.ഡബ്ള്യൂ) നമ്പർ കത്തുകൾ.
6. പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ 5/12/2019, 4/3/2020, 9/12/2020 തിയതിയിലെ എഫ്5/17145/2019 നമ്പർ കത്തുകൾ.
7. പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ 6/3/2021, 28/6/2022 തിയതിയിലെ എഫ്5/2518/2021 നമ്പർ കത്തുകൾ.

8. പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി) ടെ 28/10/2021 ലെ എസിഡി.എ1/215979/2021/എച് എസ് ഇ നമ്പർ കത്ത്.

9. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28/5/2022 ലെ ബി5/1220/2022 നമ്പർ കത്ത്.

10. ശ്രീമതി. ബിനുമോൾ കോശി, പ്രിൻസിപ്പൽ, ആശ്രമം എച് എസ് എസ്, പെരുമ്പാവൂർ, എറണാകുളം ജില്ല സമർപ്പിച്ച 6/2/2023 ലെ കത്ത്.

11. ശ്രീമതി. ബിനുമോൾ കോശി-യുടെ **സേവനപുസ്തകം** സഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി) ക്ക് അയച്ച 16/5/2023 ലെ സർക്കാർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ മാർത്തോമ ഹയർ സെക്കന്ററി സ്ക്കൂളിലെ എച്ച്. എസ്സ്. എ (മലയാളം) ശ്രീമതി. ബിനുമോൾ കോശി, സമർപ്പിച്ച പരാമർശം (1) നിവേദനത്തിൽ ടിയാൾ ഉന്നതവിദ്യാഭ്യാസം നേടുന്നതിനായി വിവിധ കാലഘട്ടത്തിൽ എടുത്തിട്ടുള്ള ശൂന്യവേതനാവധി, കൂടാതെ സർവ്വീസ്സിൽ ഉണ്ടായിട്ടുള്ള ബ്രോക്കൺ സർവ്വീസ് എന്നിവ ടിയാളുടെ ഇൻക്രിമെന്റ്, പെൻഷൻ, എന്നിവയ്ക്ക് സേവനകാലയളവായി പരിഗണിക്കണമെന്നും ശ്രീമതി. ബിനുമോൾ കോശിയുടെ സേവന വേതന വ്യവസ്ഥകൾക്ക് കോട്ടം വരാതെ ഓഡിറ്റ് തടസ്സവാദം നീക്കി ഉത്തരവാകണമെന്നും അപേക്ഷിക്കുകയുണ്ടായി. ഈ വിഷയം പരിശോധിക്കുന്നതിന്റെ ഭാഗമായി ഹർജികക്ഷിയേയും വിദ്യാഭ്യാസ ഓഫീസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും 3/3/2018 ന് നേരിൽ കേട്ടു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ. എസ്. ആർ ഭാഗം 1 ചട്ടം 91 പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിക്കുന്നതിന് രണ്ട് വർഷത്തെ തുടർച്ചയായ സേവനം ആവശ്യമാണ്. കെ. എസ്. ആർ. ഭാഗം ഒന്ന്, ചട്ടം 77 (ix) പ്രകാരം തുടർച്ചയായ സേവനത്തെ **"continuous service of the specified duration under the Government of Kerala and includes periods spent on duty as well as on leave including leave without allowances."** എന്നാണ്

നിർവ്വചിച്ചിട്ടുള്ളത്. ഈ നിർവ്വചനത്തിന്റെ അടിസ്ഥാനത്തിലാണ് കെ.എസ്.ആർ. പ്രകാരം വിവിധ ആവശ്യങ്ങൾക്കായുള്ള "തുടർച്ചയായ സേവനം" കണക്കാക്കുന്നത്. ആയതിനാൽ **20.06.1991** മുതൽ കടമ്മനിട്ട എം. ടി. എൽ. പി. സ്കൂളിൽ എൽ.പി.എസ്.എ. ആയി സർവ്വീസിൽ പ്രവേശിച്ച, **23/11/1992** ൽ രണ്ട് വർഷത്തെ തുടർച്ചയായ സേവനമില്ലാത്ത അപേക്ഷകയ്ക്ക് **20.06.1991** ന് മുൻപുള്ള ബ്രോക്കൺ സർവ്വീസുകൾ കൂടി കണക്കാക്കി പഠനാവശ്യത്തിനായി അനുബന്ധം **XII-B** പ്രകാരം ശൂന്യവേതന അവധി അനുവദിച്ച കാലയളവ് കെ. എസ്. ആർ ഭാഗം **1** ചട്ടം **91** പ്രകാരമുള്ള ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്ന ആവശ്യം തുടർച്ചയായ സേവനത്തിന്റെ അഭാവത്തിൽ പരിഗണിക്കുവാനാകില്ല. എയ്ഡഡ് അദ്ധ്യാപകർക്ക് ബ്രോക്കൺ സർവ്വീസുകൾ കെ.ഇ.ആർ. ലെ വ്യവസ്ഥകൾ പ്രകാരം വിവിധ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുമെങ്കിലും അവധി അനുവദിക്കുന്നത് കെ.എസ്.ആർ. ലെ ചട്ടപ്രകാരമാണ് എന്നതിനാൽ പ്രൊബേഷൻ സംബന്ധിച്ച് കെ.ഇ.ആർ. ലെ വ്യവസ്ഥകൾ ഈ കേസിൽ ബാധകമാകില്ല.

**3.** ഈ സാഹചര്യത്തിൽ **20.06.1991** മുതൽ കടമ്മനിട്ട എം. ടി. എൽ. പി. സ്കൂളിൽ എൽ.പി.എസ്.എ. ആയി സർവ്വീസിൽ പ്രവേശിച്ച ഹർജിക്കാരിയായ ശ്രീമതി. ബിനുമോൾ കോശിയ്ക്ക് **23/11/1992** ൽ രണ്ട് വർഷത്തെ തുടർച്ചയായ സേവനമില്ലാത്തതിനാൽ **20.06.1991** ന് മുൻപുള്ള ബ്രോക്കൺ സർവ്വീസുകൾ കൂടി കണക്കാക്കി പഠനാവശ്യത്തിനായി അനുബന്ധം **XII-B** പ്രകാരം ശൂന്യവേതന അവധി അനുവദിച്ച കാലയളവ് കെ. എസ്. ആർ ഭാഗം **1** ചട്ടം **91** പ്രകാരമുള്ള ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്ന ആവശ്യം, തുടർച്ചയായ സേവനത്തിന്റെ അഭാവത്തിൽ പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ പ്രസ്തുത കാലഘട്ടം സേവനകാലയളവായി പരിഗണിക്കണമെന്ന ആവശ്യം നിരസിച്ചുകൊണ്ട് ശ്രീമതി. ബിനുമോൾ കോശി സമർപ്പിച്ച നിവേദനം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.മേയോ ഭാസ്ക്കർ

ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, തിരുവനന്തപുരം-14

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-14

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, എറണാകുളം

വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട, തിരുവല്ല പി ഓ.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട

കോർപ്പറേറ്റ് മാനേജർ, മാർത്തോമ ഹയർ സെക്കന്ററി സ്കൂൾ, പത്തനംതിട്ട

പ്രധാനാധ്യാപകൻ, മാർത്തോമ ഹയർ സെക്കന്ററി സ്കൂൾ, പത്തനംതിട്ട

ശ്രീമതി. ബിനുമോൾ കോശി, പ്രിൻസിപ്പാൾ, ആശ്രമം എച് എസ് എസ്, പെരുമ്പാവൂർ, എറണാകുളം ജില്ല

ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Asha Rani M
Date: 14-07-2025 12:35:18

സെക്ഷൻ ഓഫീസർ